പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 4093 — 21.10.2016 ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ആയിറ്റി ജലഗതാഗത വകുപ്പിന് കീഴിലെ ജീവനക്കാർ

ചോദ്യം

**ശ്രീ.എം. രാജഗോപാലൻ**

(എ) കാസർഗോഡ് ജില്ലയിലെ ആയിറ്റി ജലഗതാഗത വകുപ്പിന് കീഴിൽ ആകെ എത്ര ജീവനക്കാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടെന്നും എത്ര ബോട്ടുകൾ നിലവിൽ സർവ്വീസ് നടത്തുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇവിടെ കേടായ എത്ര ബോട്ടുകൾ ഉണ്ടെന്നും ഇവ എപ്പോൾ റിപ്പയർ ചെയ്ത് ഓടിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ മന്ത്രി)

(എ) യും (ബി) യും ജലഗതാഗത വകുപ്പിന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ 23/90/PW&T തീയതി 17-3-1990 പ്രകാരം താഴെ പറയും പ്രകാരം ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള എണ്ണം |
|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | 1 |
| 2 | എൽ . ഡി. ക്ലാർക്ക് | 2 |
| 3 | എൽ. ഡി. കാഷ്യർ | 2 |
| 4 | പ്യൂൺ | 3 |
| 5 | പാർടൈം സ്വീപ്പർ | 1 |
| 6 | സ്റ്റേഷൻമാസ്റ്റർ ഗ്രേഡ് II | 3 |
| 7 | ബോട്ട് മാസ്റ്റർ | 6 |
| 8 | ചെക്കർ | 3 |
| 9 | സ്രാങ്ക് | 6 |
| 10 | ഡ്രൈവർ | 6 |
| 11 | ലാസ്കർ ഗ്രേഡ് II | 12 |
| 12 | മെക്കാനിക്ക് | 2 |
| 13 | ഇലക്ട്രീഷ്യൻ | 1 |
| 14 | പമ്പ് ഓപ്പറേറ്റർ | 3 |

സർവ്വീസ് നടത്തിവന്നിരുന്ന രണ്ട് ബോട്ടുകളിൽ ഒരെണ്ണം കേടായതിനാൽ നിലവിൽ ഒരു ബോട്ടാണ് സർവ്വീസ് നടത്തുന്നത്. കേടായ ബോട്ടിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കിയിട്ടുണ്ട്. തുറമുഖ വകുപ്പിന്റെ സർവേ സർട്ടിഫിക്കറ്റ് ലഭിച്ചാലുടനെ സർവ്വീസ് പുനരാരംഭിക്കാവുന്നതാണ്. കൂടാതെ മൂന്ന് ബോട്ടുകൾ അറ്റകുറ്റപ്പണികൾക്കായി സ്വകാര്യകരാറുകാരന് വർക്ക് ഓർഡർ നല്കിയിട്ടുണ്ട്. മൂന്നു മാസത്തിനുള്ളിൽ റിപ്പയർ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ജലഗതാഗതവകുപ്പ് കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) വകുപ്പിന്റെ പ്രവർത്തനമേഖല വ്യാപിക്കുന്നതിനും സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കംചെന്ന ബോട്ടുകൾ മാറ്റി ആധുനിക ബോട്ടുകൾ സർവ്വീസുകളിൽ ഉൾപ്പെടുത്തുകയും സ്വന്തമായി ആലപ്പുഴയിൽ യാർഡ് സൗകര്യം ഏർപ്പെടുത്തുക വഴി കൂടുതൽ ബോട്ടുകൾ ഒരേസമയം റിപ്പയർ ചെയ്യുകയും ചെയ്യു.

ടൂറിസം രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി നിലവിലെ കൊല്ലം – ആലപ്പുഴ, ആലപ്പുഴ – കൊല്ലം, സീ കുട്ടനാട് എന്നീ സർവ്വീസുകൾക്ക് പുറമേയായി വൈക്കം – എറണാകുളം , ആലപ്പുഴ- കുമരകം – കോട്ടയം , എന്നിങ്ങനെ രണ്ട് പുതിയ അതിവേഗ സർവീസുകൾ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ സർവ്വീസ് നടത്തിവരുന്ന റൂട്ടുകൾക്ക് പുറമേ പുതിയ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നല്കുന്നതിനും ശ്രദ്ധിക്കുന്നു. ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ വകുപ്പിനുവേണ്ടി സ്വന്തമായി 4 ബോട്ടുകൾ ഒരേ സമയം അറ്റകുറ്റപണികൾ നടത്താവുന്ന ഡ്രൈഡോക്കും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ്പ് വേയും നിർമ്മിക്കുകയും ബോട്ടുകളുടെ അറ്റകുറ്റപണികൾ ഊർജ്ജിതമായി നടത്തിവരികയുമാണ്.

ബോട്ടുകളിൽ സുരക്ഷാ ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുള്ളതും , പാസഞ്ചർ കപ്പാസിറ്റിക്ക് അനുസൃതമായി ലൈഫ് ജാക്കറ്റുകൾ യാത്രക്കാർക്കായി ക്രമീകരിച്ചിട്ടുള്ളതുമാണ്. സുരക്ഷ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലഗതാഗത രംഗത്ത് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ